പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 6 — 25.04.2017 -ൽ മറുപടിക്ക്.

## റേഷൻ പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. പി. ജയരാജൻ**<br>**ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. ബി. ഡി. ദേവസ്സി**<br>**ശ്രീ. എസ്. രാജേന്ദ്രൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക നിലപാടുമൂലം സംസ്ഥാനം അഭിമുഖീകരിച്ച റേഷൻ പ്രതിസന്ധി പരിഹരിക്കാനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നുവോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്തായിരുന്നു; | (എ) ഉണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. അധിക വിഹിതം അനുവദിക്കണമെന്ന സംസ്ഥനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടില്ല. |
| (ബി) ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ പ്രധാനമന്ത്രിയെ നേരിട്ട് ധരിപ്പിക്കാൻ ശ്രമിച്ചിരുന്നോ; പ്രതികരണം എന്തായിരുന്നെന്ന് അറിയിക്കാമോ ; | (ബി) ഉണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. അധിക ഭക്ഷ്യധാന്യ വിഹിതം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായതിനാൽ ഏതെങ്കിലും ഒരു സംസ്ഥാനത്തിനായി മാറ്റം വരുത്താൻ കഴിയില്ലായെന്നതാണ് കേന്ദ്ര നിലപാട്. |
| (സി) റേഷൻ കാർഡ് വിതരണത്തിനും ഭക്ഷ്യഭദ്രതാ നിയമ പ്രകാരം കേന്ദ്ര സർക്കാർ അനുശാസിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനും ഉള്ള പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; | (സി) റേഷൻ കാർഡ് വിതരണത്തിനുള്ള നടപടികൾ പൂർത്തീകരിച്ചു വരികയാണ്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കേന്ദ്ര സർക്കാർ അനുശാസിക്കുന്ന സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി പൊതുവിതരണ സംവിധാനത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം/ ഓട്ടോമേഷൻ പദ്ധതി ആദ്യ ഘട്ടമായി കൊല്ലം ജില്ലയിലും തുടർന്ന് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരികയാണ്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ആധാർ വിവരങ്ങൾ ശേഖരിച്ച് റേഷൻ കാർഡ് ഡാറ്റാ ബേസിൽ സീഡ് ചെയ്യുന്ന പ്രക്രിയയും പൂർത്തിയായി വരുന്നു. |

| | |
|---|---|
| (ഡി) സാർവത്രിക റേഷനിംഗ് സംവിധാനത്തിൽ നിന്നും പരിമിത റേഷൻ സംവിധാനത്തിലേക്ക് മാറാൻ സംസ്ഥാനം നിർബന്ധിതമായ സാഹചര്യവും അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടും വ്യക്തമാക്കാമോ ? | (ഡി) **1966** മുതൽ സാർവത്രിക റേഷൻ സമ്പ്രദായം നിലനിന്നിരുന്ന കേരളത്തിൽ ജനങ്ങളെ എ.പി.എൽ, ബി.പി.എൽ. വിഭാഗങ്ങളായി തിരിച്ചുകൊണ്ടുള്ള ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം (Targeted Public Distribution System) **1997** മുതൽ നിലവിൽ വരികയും 2016 ഒക്ടോബർ വരെ ഇതു തുടരുകയും ചെയ്തു. 05/07/2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10/09/2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിൽ വരുത്തുന്നതിന് ഒരു വർഷമാണ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരുന്നത്. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തെ 1.54 കോടി (46%) ജനങ്ങൾക്ക് മാത്രമാണ് ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നത്. ബാക്കി 54% ജനങ്ങൾക്ക് ആകെ അനുവദിച്ച 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ നിന്ന് മുൻഗണനാ വിഭാഗത്തിന് നല്കിയ ശേഷം ബാക്കി വരുന്ന 4 ലക്ഷം മെട്രിക് ടൺ ടൈഡ് ഓവർ വിഹിതം മാത്രമാണുള്ളത്. സംസ്ഥാനത്ത് ഇത് നടപ്പിൽ വരുത്തുന്നതിനായി 02/12/2013 ലെ സ.ഉ.(കൈ)നം. 53/2013/ഭ.സി.സ.വ. പ്രകാരം ഉത്തരവായെങ്കിലും ഈ സർക്കാരിന്റെ കാലത്ത്, 01.11.2016 മുതലാണ് ആയത് നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ